## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5218

**02.07.2013**- ലെ മറുപടിക്ക്

**<u>സ്വർണ്ണപണയത്തിന്റെ അടിസ്ഥാനത്തിൽ കാർഷിക വായ്പ</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) കൃഷിക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടി സ്വർണ്ണപണയത്തിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പകൾ നൽകുന്ന പദ്ധതികൾ സഹകരണ സംഘങ്ങൾ മുഖേന നടപ്പിലാക്കി വരുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പലിശ നിരക്ക് എത്രയാണെന്ന റിയിക്കാമോ; ഏതൊക്കെ തരം സഹകരണ സംഘങ്ങൾ മുഖേനയാണ് ഇത്തരം കാർഷിക വായ്പാ പദ്ധതികൾ നടപ്പാക്കുന്നത്; | (ബി) കാർഷിക ആവശ്യത്തിനുവേണ്ടി സ്വർണ്ണ പണയത്തിന്റെ ഈടിന്മേൽ ജില്ലാതല ടെക്നിക്കൽ കമ്മിറ്റിയുടെ വായ്പാ തോതിനു വിധേയമായി നൽകുന്ന ഹ്രസ്വകാല വായ്പകൾ വിളവായ്പയായി കണക്കാക്കി 7% പലിശയിൽ അധികരിക്കാതെ നൽകുന്നു. ഈ വായ്പകൾക്ക് സർക്കാർ നൽകുന്ന ഉത്തേജന പലിശ ഇളവ് പദ്ധതി പ്രകാരം പരമാവധി 5% സബ്സിഡിയും, കേന്ദ്ര സർക്കാർ നൽകുന്ന 2% സബ്‌വെൻഷനും അർഹതയുണ്ട്. പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ/സർവ്വീസ് സഹകരണ സംഘങ്ങൾ മുഖേനയാണ് ഈ കാർഷിക വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നത്. |
| (സി) കാലവർഷക്കെടുതിയും കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവും മുൻനിർത്തി കൂടുതൽ ഉദാരമായ പലിശയിളവുകൾ അനുവദിക്കുമോ; വിശദമാക്കുമോ? | (സി) കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണ മേഖല വഴി ആവശ്യമായ കാർഷിക വായ്പകൾ കുറഞ്ഞ പലിശ നിരക്കിലും, നെൽകൃഷിക്ക് പരിധി കണക്കിലെടുക്കാതെ സ്കെയിൽ ഓഫ് ഫിനാൻസിനു വിധേയമായി പലിശ രഹിത വായ്പയും അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. |

**സെക്ഷൻ ഓഫീസർ**